19
2025
ജൂൺ
വ്യാഴം
മിഥുനം 5

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.166 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-166 പേജ് 4. വില 2.00 രൂപ








02 പെട്രോൾ പമ്പിലെ ശുചിമുറി പൊതുജനങ്ങൾക്കല്ല; ഹൈക്കോടതി

03 സന്ദേശങ്ങൾ കൈമാറുന്നു; ജനങ്ങളോട് വാട്സ്ആപ്പ് കളയണമെന്ന് ഇറാൻ

04 ഹയർസെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം അടുത്ത അക്കാദമിക വർഷം


# എംഎസ്സിയുടെ കപ്പൽ അറസ്റ്റു ചെയ്തു നഷ്ടപരിഹാരം ഈടാക്കി വിട്ടയച്ചു



കൊച്ചി : മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള എംഎസ്സി പോളോ 3 എന്ന ലൈബീരിയൻ പതാക വഹിക്കുന്ന കപ്പലിനെ അറസ്റ്റ് ചെയ്തു. കേരള ഹൈക്കോടതിയിൽ നിന്നുമുള്ള ഉത്തരവിൻ പ്രകാരം നഷ്ടപരിഹാരം ഈടാക്കി വിട്ടയച്ചു.തോട്ടപ്പള്ളിക്കു പടിഞ്ഞാറു അറബിക്കടലിൽ മുങ്ങിത്താഴ്ന്ന എൽസാ 3 എംഎസ്സി കപ്പലിലെ കണ്ടെയ്നറുകളിൽ ഉണ്ടായിരുന്ന ഉൽപന്നങ്ങളുടെ നഷ്ടപരിഹാരം തേടി കൊല്ലം പുത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സാൻസ് കാഷ്യൂ ഇൻഡ്യാ കമ്പനി നൽകിയ നഷ്ടപരിഹാര ഹർജിയിലാണ് ഹൈക്കോടതി ജഡ്ജി എം എ. അബ്ദുൾ ഹക്കീമിന്റെ വിധി.കപ്പൽ മുങ്ങിയപ്പോൾ തങ്ങളുടെതായി കണ്ടെയ്നറിൽ ഉണ്ടായിരുന്ന ഉൽപ്പന്നങ്ങളുടെ മൂല്യ തുകയായ 73,49,596 രൂപയായിരുന്ന ഹർജിക്കാരന്റെ ആവിശ്യം.ഇക്കാര്യം ഉന്നയിച്ചു കൊല്ലത്തെ കാഷ്യൂ കമ്പനിക്കായി പ്രമുഖ മാരിടൈം നിയമ വിദഗ്ദനായ സിനിയർ അഡ്വ:വി.ജെ. മാത്യുവാണ് കോടതിയിൽ ഹാജരായത്.സീനിയർ അഡ്വക്കേറ്റ് വി.ജെ മാത്യുവിനു പുറമേ അഡ്വക്കേറ്റുമാരായ വിപിൻ പി.വർഗ്ഗീസ്,ആദർസ് മാത്യു,മെർലിൻ മാത്യൂ,അനിരുദ്ധ്.ജി.കാമത്ത്,അഗസ്റ്റോ നോർബർട്ട്,അന്ന.ബി,മേഘ മാധവൻ എന്നിവരും ഹാജരായി. ഹൈക്കോടതി അറസ്റ്റ് ചെയ്ത ണ്ടഇ പോളോ 3 എന്ന കപ്പലിന്റെ ഉടമ ഹൈക്കോടതിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എഴുപത്തിമൂന്നര ലക്ഷം രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് ആയി കോടതിയിൽ കെട്ടിവെച്ചു കപ്പൽ റിലീസ് ആയി. തീരം വിട്ടു.

എംഎസ്സി എൽസാ 3 കപ്പൽ മുങ്ങിയതിലൂടെ തീരമേഖലയിൽ സൃഷ്ടിച്ച പാരിസ്ഥിതിക,സാമൂഹിക,സാമ്പത്തിക ആഘാതത്തിന്റെയും നഷ്ടങ്ങൾ വരാനിരിക്കുന്നതേയുള്ളു.പരമ്പരാഗത മൽസ്യത്തൊഴിലാളികൾ,യന്ത്രവൽകൃത വള്ളങ്ങൾ,ബോട്ടുകൾ തുടങ്ങിയവയുടെ നഷ്ടവും മറ്റും വരുന്നതേയുള്ളു.കേരളത്തിന്റെ ചാകരക്കടലിൽ താഴ്ന്നിരിക്കുന്ന കണ്ടെയ്നറുകളും,കപ്പലും സൃഷ്ടിക്കാവുന്ന നഷ്ടം യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകൾക്കാണന്ന കാര്യം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും കൊല്ലത്തെ ബോട്ട് ഓപ്പററ്റേഴ്സ് ഭാരവാഹികളായ പീറ്റർ മത്യാസും,പട്രോപ്പിൽ രാജൂവും ചൂണ്ടിക്കാട്ടി.കപ്പലും,കണ്ടെയ്നറുകളും കടലിൽ നിന്നും നീക്കിയില്ലെങ്കിൽ നഷ്ടപരിഹാര പക്കേജു തന്നെ ഇതിനായി മാറ്റി വെക്കേണ്ടി വരുമെന്നും ഇവർ പറയുന്നു.

## കളക്ടറേറ്റ് വളപ്പിൽ പാർക്കിംഗിനെ ചൊല്ലി അഭിഭാഷകരും കാറിലുള്ളവരും തമ്മിൽ സംഘർഷം

കൊല്ലം: വാഹനം പാർക്ക് ചെയ്യുന്നതിനെ ചൊല്ലി കോടതികൾ ഉൾപ്പെടുന്ന കളക്ടറേറ്റ് വളപ്പിൽ അഭിഭാഷകരും മോട്ടോർവാഹന വകുപ്പിന്റെ ഓഫീസിലേക്ക് കാറിൽ വന്നവരും തമ്മിൽ സംഘർഷം.

അഭിഭാഷകരുടെ മർദനത്തിൽ കാറിലുണ്ടായിരുന്ന പള്ളിക്കൽ സ്വദേശി സിദ്ധിഖിനും ഒപ്പമുണ്ടായിരുന്ന ബന്ധുവായ കടക്കൽ സ്വദേശി ഷെമീനയ്ക്കും പരിക്കേറ്റു. സിദ്ധിഖ് ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. യുവാവിന്റെ മർദനത്തിൽ അഭിഭാഷകനായ ഐ. കെ. കൃഷ്ണകുമാറിനും പരിക്കേറ്റിട്ടുണ്ട്.

അഭിഭാഷകനെ കൈയേറ്റം ചെയ്തതിൽ പ്രതിഷേധിച്ച് വ്യാഴാഴ്ച കോടതി നടപടികളിൽ നിന്നു വിട്ടുനിൽക്കാൻ കൊല്ലം ബാർ അസോസിയേഷൻ തീരുമാനിച്ചു.

കളക്ടറേറ്റ് സമുച്ചയത്തിലെ ഗതാഗതവകുപ്പ് ഓഫീസിൽ പണം അടക്കാനെത്തിയതായിരുന്നു ഷെമീനയും സിദ്ദീഖും. പണമടച്ച് പുറത്തിറങ്ങിയപ്പോൾ തങ്ങളുടെ വാഹനം പുറത്തിറക്കാൻ കഴിയാത്തനിലയിൽ വാഹനം പാർക്ക് ചെയ്ത അഭിഭാഷകനോട് കാർ മാറ്റിയിടാൻ ആവശ്യപെട്ടു.

അതിന് തയാറാകാതെ അഭിഭാഷകൻ കോടതിയിലേക്ക് കയറിപോവുകയായിരുന്നെന്ന് സിദ്ദീഖ് പറഞ്ഞു. ആശുപത്രിയിൽ പോകേണ്ട അത്യാവശ്യമുണ്ടെന്നു പറഞ്ഞിട്ടും അഭിഭാഷകൻ ഗൗനിച്ചില്ലെന്നു പോലീസിനു നൽകിയ പരാതിയിൽ പറയുന്നു.

അരമണിക്കൂർ കഴിഞ്ഞ് തിരിച്ചെത്തിയ അഭിഭാഷകൻ തങ്ങളുടെ സ്ഥലത്ത് വാഹനം പാർക്ക് ചെയ്തതിനെ ചൊല്ലി വാഹനത്തിലെത്തിയവരോട് തർക്കത്തിലേർപ്പെട്ടു. പിന്നീട് ഇത് സംഘർഷത്തിൽ കലാശിക്കുകയായിരുന്നു.

## കേരള തീരത്തെ കപ്പലപകട വിവരങ്ങൾ ശേഖരിക്കാൻ എസ്ഡിഎംഎയുടെ വെബ് ആപ്ലിക്കേഷൻ: മുഖ്യമന്ത്രി പിണറായി

തിരുവനന്തപുരം: കേരള തീരത്തിനടുത്തായി ഉണ്ടായ കപ്പലപകടങ്ങളുമായി ബന്ധപ്പെട്ട് കടലിലും കരയിലുമായി അടിയുന്ന വസ്തുക്കൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു വെബ് ആപ്ലിക്കേഷൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വികസിപ്പിച്ചതായി മുഖ്യമന്ത്രി പിണറായി അറിയിച്ചു.

വസ്തു കണ്ടെത്തിയ വ്യക്തിയുടെ പേര്, മൊബൈൽ നമ്പർ, കാണപ്പെട്ട വസ്തുവിന്റെ അടിസ്ഥാന വിവരങ്ങൾ, വസ്തു കാണപ്പെട്ട ലൈവ് ലൊക്കേഷൻ അല്ലെങ്കിൽ അടുത്ത ലാൻഡ്മാർക്ക്, ചിത്രങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങളാണ് ഈ ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്നത്.

കപ്പലപകടവുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ വരെയുള്ള കണക്കനുസരിച്ച് 65 കണ്ടെയ്നറുകൾ തീരത്ത് കണ്ടെത്തി. ഇവ വിവിധ പോർട്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, കോവളം ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ 21 ബാരലുകൾ വിഴിഞ്ഞം തുറമുഖത്തെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. കപ്പലപകടങ്ങളുമായി ബന്ധപ്പെട്ട് എന്ന് സംശയിക്കുന്ന രണ്ട് ബാരലുകൾ കൊല്ലം ജില്ലയിലെ ആലപ്പാട്, കാസർഗോഡ് ജില്ലയിലെ കുമ്പള കോയിപ്പാടി എന്നിവിടങ്ങളിൽ കരക്കടിഞ്ഞിട്ടുണ്ട്.


അപകടത്തിൽപ്പെട്ട വാൻ ഹായ് 503 കപ്പൽ നിലവിൽ കേരള തീരത്തു നിന്ന് 57 നോട്ടിക്കൽ മൈൽ ദൂരത്തിലേക്ക് മാറ്റിയിട്ടുണ്ട്. കൂടുതൽ ദൂരത്തിലേയ്ക്ക് മാറ്റുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. കപ്പലിൽ ഇപ്പോഴും തീയും പുകയും ഉള്ളതായാണ് റിപ്പോർട്ടുകൾ.

കപ്പലിൽ നിന്ന് താഴേയ്ക്ക് പതിച്ച കണ്ടെയ്നറുകൾ എറണാകുളം ജില്ലയുടെ തെക്കു ഭാഗത്തും ആലപ്പുഴ കൊല്ലം ജില്ലകളുടെ തീരങ്ങളിലുമായി വന്നടിയാൻ സാധ്യതയുള്ളതായി കോസ്റ്റ് ഗാർഡ്, ഐടിഒപിഎഫ് എന്നിവരിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കപ്പലിൽ നിന്ന് വീണത് എന്ന് സംശയിക്കുന്നതായ ഒരു വസ്തുവും കടൽ തീരത്ത് കണ്ടാൽ സ്പർശിക്കാൻ പാടില്ല. 200 മീറ്റർ എങ്കിലും അകലം പാലിച്ച് മാത്രം നിൽക്കണം. ഇത്തരം വസ്തുക്കൾ കാണുന്നുണ്ടെങ്കിൽ ഉടൻ '112' എന്ന നമ്പറിൽ വിളിച്ച് വിവരം അറിയിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശം നൽകിയിട്ടുള്ളതായി മുഖ്യമന്ത്രി അറിയിച്ചു.

## മുതലപ്പൊഴി: ഡ്രഡ്ജിംഗിലെ അനിശ്ചിതത്വം നീക്കാൻ ന്യൂനപക്ഷ കമ്മിഷൻ നിർദേശം

തിരുവനന്തപുരം: മുതലപ്പൊഴി അപകട പരമ്പരയെ തുടർന്ന് കമ്മിഷൻ സ്വമേധയാ എടുത്ത കേസിൽ, ഡ്രഡ്ജിംഗിലെ അനിശ്ചിതത്വം നീക്കി മണൽ നീക്കം പുനരാരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ന്യൂനപക്ഷ കമ്മിഷൻ ജില്ലാ ഭരണകൂടത്തിന് നിർദേശം നൽകി. കമ്മിഷൻ ആസ്ഥാനത്തെ കോർട്ട് ഹാളിൽ നടന്ന ന്യൂനപക്ഷ കമ്മിഷൻ തിരുവനന്തപുരം സിറ്റിംഗിൽ ചെയർമാൻ എ. എ റഷീദ് ഹർജികൾ പരിഗണിച്ചു. അഴിമുഖത്തും ചാനലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ചന്ദ്രഗിരി എന്ന ഡ്രഡ്ജർ എത്തിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തികൾ നടത്തിവരുന്നതായി ഹാർബർ എൻജിനീയറിംഗ് വകുപ്പ് കമ്മിഷനെ അറിയിച്ചു. പകുതിയിലേറെ പണി പൂർത്തിയായപ്പോൾ ഡ്രഡ്ജ്റിന് തകരാർ സംഭവിച്ചതിനാൽ പ്രവൃത്തികൾ മുടങ്ങിയിരുന്നു. യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾക്കായി നിർമാണ കമ്പനിയെ സമീപിച്ചിട്ടുണ്ടെന്നും തകരാർ ഉടനടി പരിഹരിച്ച് ഡ്രഡ്ജിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അധികൃതർ കമ്മിഷനെ അറിയിച്ചു. പൊഴിമുഖത്തെ മണൽ നീക്കത്തിലെ അനിശ്ചിതത്വത്തിൽ അതൃപ്തി പ്രകടിപ്പിച്ച കമ്മിഷൻ, മണൽ നീക്കംചെയ്യുവാൻ ചുമതലപ്പെടുത്തിയ കമ്പനിയുമായുണ്ടാക്കിയ കരാർ ഉൾപ്പെടെ വിശദമായ റിപ്പോർട്ട് അടിയന്തരമായി കമ്മിഷന് സമർപ്പിക്കുവാൻ ഹാർബർ എൻജിനീയറിംഗ് വകുപ്പ് അധികൃതർക്ക് നിർദേശം നൽകി. നിലവിൽ അഴിമുഖം സഞ്ചാരയോഗ്യമല്ലാത്ത വിധം മണൽ മൂടി കിടക്കുന്നതിനാൽ കോസ്റ്റൽ പൊലീസിന്റെ ഇൻട്രാസെപ്റ്റർ ബോട്ടുകൾക്കും എൻഫോഴ്സ്മെന്റ് ബോട്ടുകൾക്കും പട്രോളിംഗിനും രക്ഷാപ്രവർത്തനത്തിനും പറ്റാത്ത അവസ്ഥയിലാണെന്ന് തീരദേശ പൊലീസ് കമ്മിഷൻ മുമ്പാകെ അറിയിച്ചു.

# ന്യൂനമർദവും പടിഞ്ഞാറൻ കാറ്റും; അഞ്ചുദിവസം വ്യാപക മഴയ്ക്ക് സാധ്യത, ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചുദിവസം വ്യാപക മഴയ്ക്ക് സാധ്യത. ഇന്നും വ്യാഴം, ഞായർ ദിവസങ്ങളിലും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നും വ്യാഴാഴ്ചയും കേരളത്തിനു മുകളിൽ മണിക്കൂറിൽ പരമാവധി 40 –60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് ശക്തമാകാനും സാധ്യതയുണ്ട്.

കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് ഞായറാഴ്ച വരെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, യെല്ലോ അലർട്ടുകൾ പ്രഖ്യാപിച്ചു. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

അതേസമയം, ഇന്ന് ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടാണ്. വ്യാഴാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഞായറാഴ്ച കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ഇടിമിന്നലോടു കൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്.ഗംഗാതട പശ്ചിമ ബംഗാളിന് മുകളിലായി സ്ഥിതി ചെയ്യുന്ന ശക്തികൂടിയ ന്യൂനമർദം അടുത്ത 24 മണിക്കൂറിനുള്ളിൽ ജാർഖണ്ഡിന് മുകളിലേക്ക് നീങ്ങാൻ സാധ്യതയുണ്ട്. കൂടാതെ, രാജസ്ഥാന് മുകളിൽ മറ്റൊരു ന്യൂനമർദം കൂടി സ്ഥിതിചെയ്യുന്നു.

കേരളത്തിന് മുകളിൽ പടിഞ്ഞാറൻ കാറ്റ് ശക്തമായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിലാണ് മഴ ശക്തമാകുന്നത്.

അതേസമയം, കേരള – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് ഇന്നും വ്യാഴാഴ്ചയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# കുടുംബശ്രീ ബഡ്സ് ഉൽപന്നങ്ങൾ ഓൺലൈൻ വിപണിയിലേക്ക്: ധാരണാ പത്രം ഒപ്പുവച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ നിർമിക്കുന്ന ഉൽപന്നങ്ങൾക്ക് പുതിയ വിപണി സാധ്യതകൾ ഒരുങ്ങുന്നു. ഫലപ്രദമായ വിപണനമാർഗങ്ങളും സംഭരണവും വിതരണവും ഉൾപ്പെടെ ലഭ്യമാക്കിക്കൊണ്ട് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉൽപന്നങ്ങൾക്ക് ദേശീയതലത്തിൽ വിപണനമാർഗവും സുസ്ഥിര വരുമാനവും ലഭ്യമാക്കുകയാണ് ലക്ഷ്യം. കുടുംബശ്രീയുടെ തന്നെ പോക്കറ്റ് മാർട്ട് ആപ് വഴിയാകും ഉൽപന്ന വിപണനം. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വരുമാനലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് സാമ്പത്തിക സ്വാശ്രയത്വം നേടാൻ സഹായിക്കുക എന്നതാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ അമിഗോസിയ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ അരുൺ എൻ എന്നിവർ ധാരണാപത്രം ഒപ്പുവച്ചു.നിലവിൽ പേപ്പർ പേന, ബാഗ്, ഫയൽ, കരകൗശല വസ്തുക്കൾ വ്യത്യസ്തങ്ങളായ നിരവധി ഉൽപന്നങ്ങൾ ബഡ്സ് വിദ്യാർത്ഥികൾ നിർമിക്കുന്നുണ്ട്.



കുടുംബശ്രീ ബഡ്സ് ഉൽപന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കുന്നതു സംബന്ധിച്ച ധാരണാപത്രം മന്ത്രി എം.ബി രാജേഷിന്റെ സാന്നിധ്യത്തിൽ എച്ച് ദിനേശൻ, അരുൺ എൻ എന്നിവർ ധാരണാപത്രം കൈമാറുന്നു. ഡോ.ബി ശ്രീജിത്ത്, നവീൻ സി, ഡോ. ദിനേശൻ ചെറുവത്ത്, രഞ്ജിനി എസ്, അരുൺ പി രാജൻ, ജിഷ്ണു ഗോപൻ എന്നിവർ സമീപം

പ്രാദേശികതലത്തിലും കുടുംബശ്രീയുടെ ആഭിമുഖ്യത്തിലും സംഘടിപ്പിക്കുന്ന വിപണനമേളകൾ, സരസ് മേളകൾ, വിവിധ പരിശീലന പരിപാടികൾ എന്നിവയാണ് പ്രധാന വിപണന മാർഗങ്ങൾ. ധാരണാപത്രം പ്രകാരം അമിഗോസിയ പ്രൈവറ്റ് ലിമിറ്റഡ് മുഖേന ബഡ്സ് വിദ്യാർത്ഥികൾ നിർമിക്കുന്ന ഉൽപന്നങ്ങൾ മൊത്തമായി വാങ്ങും. ഇവ പിന്നീട് കുടുംബശ്രീയുടെ തന്നെ ഓൺ ലൈൻ വിപണന വേദിയായ പോക്കറ്റ് മാർട്ട് ആപ്പിൽ ഉൾപ്പെടുത്തും.ആദ്യഘട്ടത്തിൽ ബഡ്സ് വിദ്യാർത്ഥികളുടെ അഞ്ഞൂറോളം ഉൽപന്നങ്ങളാണ് പോക്കറ്റ് മാർട്ട് ആപ്പിൽ ലഭ്യമാക്കുക. ഇതോടൊപ്പം ഓൺലൈൻ ഉൾപ്പെടെയുള്ള മാർഗങ്ങൾ സ്വീകരിച്ചു കൊണ്ട് ഉൽപന്നങ്ങളുടെ ബ്രാൻഡിങ്ങ്. മാർക്കറ്റിങ്ങ് എന്നിവ വിപുലീകരിക്കും. ഇതുവഴി രാജ്യമൊട്ടാകെയുള്ള വൻകിട കോർപ്പറേറ്റ് കമ്പനികൾ, സ്ഥാപനങ്ങൾ, ഉപഭോക്താക്കൾ എന്നിവരിലേക്ക് ഉൽപന്നങ്ങൾ എത്തിക്കാനാകും. നിലവിൽ 'ഇതൾ' എന്ന ബ്രാൻഡിൽ ബഡ്സ് ഉൽപന്നങ്ങൾ വിൽക്കുന്നുണ്ട്. ഇവയടക്കം പോക്കറ്റ് മാർട്ട് ആപ്പിൽ എത്തിച്ചുകൊണ്ട് ഉൽപന്ന വിപണനം ഊർജിതമാക്കും. വിപണിയിലെ ആവശ്യകതയ്ക്കനുസരിച്ച് ഉൽപന്ന നിർമാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല കുടുംബശ്രീക്കാണ്. ഉൽപന്ന നിർമാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതോടൊപ്പം ഉൽപന്നങ്ങളുടെ ഗുണനിലവാരവും കുടുംബശ്രീ ഉറപ്പുവരുത്തും.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.ബി ശ്രീജിത്ത്, ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ നവീൻ, പഞ്ചായത്ത് ഡയറക്ടർ(ഗ്രാമം) ഡോ. ദിനേശൻ ചെറുവത്ത്, അമിഗോസിയ പ്രൈവറ്റ് ലിമിറ്റഡ് അസിസ്റ്റന്റ് മാനേജർ രഞ്ജിനി എസ്, കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അരുൺ പി രാജൻ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ജിഷ്ണു ഗോപൻ എന്നിവർ പങ്കെടുത്തു.

# പത്തനംതിട്ടയിലെ നവജാതശിശുവിന്റെ മരണം; യുവതിയുടെ മൊഴിയിൽ അവ്യക്തതയെന്ന് പോലീസ്

പത്തനംതിട്ട: മെഴുവേലിയിലെ നവജാത ശിശുവിൻറ മരണത്തിൽ കുട്ടിയുടെ അമ്മയുടെ മൊഴികളിൽ അവ്യക്തതയുണ്ടെന്ന് പോലീസ്. ഗർഭിണിയായതും പ്രസവിച്ചതും വീട്ടുകാർക്ക് അറിയില്ലെന്നും പ്രസവശേഷം പൊക്കിൾക്കൊടി മുറിച്ചത് പോലും താൻ ഒറ്റയ്ക്കാണെന്നുമാണ് യുവതി പോലീസിനോട് പറഞ്ഞത്.

എന്നാൽ ഇക്കാര്യങ്ങൾ പോലീസ് പൂർണമായി വിശ്വാസത്തിലെടുത്തിട്ടില്ല. കുട്ടിയുടെ മരണം കൊലപാതകമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. ഇന്ന് പോസ്റ്റ്മോർട്ടം പൂർത്തീകരിച്ചാൽ മാത്രമേ ഇത് സ്ഥിരീകരിക്കാനാകൂ.

ചൊവ്വാഴ്ച പുലർച്ചെ നാലോടെയാണ് യുവതി പ്രസവിക്കുന്നത്. കരഞ്ഞ കുഞ്ഞിന്റെ വായ പൊത്തിപ്പിടിച്ചുവെന്ന് യുവതി പോലീസിന് മൊഴി നൽകിയിരുന്നു. കുഞ്ഞിന്റെ മൃതശരീരം ചേമ്പിലയിൽ പൊതിഞ്ഞ് അയൽ വീടിന്റെ പരിസരത്ത് വച്ചതും താൻ തന്നെയാണെന്നും ഇവർ പോലീസിനോട് പറഞ്ഞിരുന്നു. ഇരുപത് വയസുകാരി ആൺ സുഹൃത്തിൽ നിന്നാണ് ഗർഭം ധരിച്ചത്. പോലീസിന്റെ പ്രാഥമിക ചോദ്യം ചെയ്യലിലാണ് യുവതി ഇക്കാര്യങ്ങളെല്ലാം പറഞ്ഞത്.

രക്തസ്രാവവുമായി ആശുപത്രിയിൽ എത്തിച്ചപ്പോഴാണ് യുവതി പ്രസവിച്ചെന്ന് മനസിലായത്. ആശുപത്രി അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലവുംതിട്ട പോലീസ് സ്ഥലത്തെത്തി പരിശോധിച്ചപ്പോഴാണ് അയൽവീട്ടിലെ പറമ്പിൽ കുഞ്ഞിന്റെ മൃതദേഹം കണ്ടെത്തിയത്.

# മണ്ണാർക്കാട്ട് ഹെൽത്ത് സെൻററിൽ നിന്ന് ലഭിച്ച പാരാസെറ്റാമോളിൽ കമ്പി കഷ്ണം; പരാതി നൽകും

പാലക്കാട്: മണ്ണാർക്കാട് നഗരസഭ ജനകീയ ആരോഗ്യകേന്ദ്രത്തിൽനിന്ന് ലഭിച്ച പാരസെറ്റാമോളിൽ കമ്പി കഷ്ണം കണ്ടെത്തി. മണ്ണാർക്കാട് സ്വദേശി ആസിഫിന്റെ മകനായി വാങ്ങിച്ച പാരസെറ്റാമോൾ പൊട്ടിച്ചപ്പോഴാണ് കമ്പി കഷ്ണം കണ്ടെത്തിയത്.

സംഭവത്തിൽ ആരോഗ്യവകുപ്പിന് പരാതി നൽകാനൊരുങ്ങുകയാണ് കുടുംബം.

സംഭവത്തിൽ നഗരസഭയും പരാതി നൽകും. മരുന്ന് കമ്പനിക്കെതിരെ ആരോഗ്യവകുപ്പിനും മുഖ്യമന്ത്രിക്കും പരാതി നൽകുമെന്ന് ചെയർമാൻ സി. മുഹമ്മദ് ബഷീർ പ്രതികരിച്ചു.

# തെരുവുനായ ആക്രമണം; കണ്ണൂർ കോർപറേഷനിൽ സിപിഎം പ്രതിഷേധം

കണ്ണൂർ: കണ്ണൂർ കോർപറേഷൻ കൗൺസിൽ യോഗത്തിനിടെ പ്രതിഷേധം. തെരുവുനായ ആക്രമണത്തിന് ഉത്തരവാദി കണ്ണൂർ കോർപറേഷനാണെന്ന് ആരോപിച്ചാണ് സിപിഎം അംഗങ്ങളുടെ പ്രതിഷേധം. മേയറുടെ ഡയസിൽ കയറി പ്രതിഷേധക്കാർ മൈക്ക് ഊരി എടുത്തു.

കൗൺസിൽ യോഗം തുടങ്ങുന്നതിന് തൊട്ടുമുമ്പ് സിപിഎം പ്രവർത്തകർ ഹാളിന് പുറത്തെത്തി പ്രതിഷേധിച്ചിരുന്നു.

യോഗം തുടങ്ങിയതിന് പിന്നാലെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചും പ്ലക്കാർഡ് ഉയർത്തിയും പ്രതിഷേധിക്കുകയായിരുന്നു. ചൊവ്വാഴ്ച രാവിലെ മുതൽ നിരവധി പേർക്കാണ് കോർപറേഷൻ പരിധിയിൽ തെരുവുനായയുടെ കടിയേറ്റത്.

# പെട്രോൾ പമ്പിലെ ശുചിമുറി പൊതുജനങ്ങൾക്കല്ല; നിർണായക ഉത്തരവുമായി ഹൈക്കോടതി

കൊച്ചി: പെട്രോൾ പമ്പിലെ ശുചിമുറി പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാകില്ലെന്ന് ഹൈക്കോടതി. പമ്പുകളിലെത്തുന്ന ഉപയോക്താക്കൾക്ക് മാത്രമേ ശുചിമുറി ഉപയോഗിക്കാനാകൂവെന്ന് കോടതി ഉത്തരവിട്ടു. ഇടക്കാല ഉത്തരവാണ് പുറപ്പെടുവിച്ചിരിക്കുന്നത്.

സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പമ്പുകളിലെ ശുചിമുറികൾ, പൊതു ശുചിമുറികളാക്കി മാറ്റാൻ നടത്തിയ ശ്രമങ്ങളെ ചോദ്യം ചെയ്ത് പെട്രോളിയം ട്രേഡേഴ്സ് വെൽഫെയർ ആൻഡ് ലീഗൽ സർവീസ് സൊസൈറ്റിയും മറ്റ് അഞ്ച് പെട്രോളിയം റീട്ടെയിലർമാരും സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സി. എസ്. ഡയസ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്.

സ്വകാര്യ പെട്രോൾ പമ്പുകളുടെ ശുചിമുറി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് സർക്കാർ വിജ്ഞാപനമിറക്കിയിരുന്നു. ഹർജിക്കാരുടെ പെട്രോൾ പമ്പുകളുടെ ശുചിമുറികൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാരും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനും നിർബന്ധിക്കരുതെന്ന് കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

സ്വച്ഛ് ഭാരത് മിഷന്റെ കീഴിലുള്ള മാർഗനിർദേശങ്ങൾ ഹാജരാക്കാൻ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനോട് കോടതി നേരത്തെ നിർദ്ദേശിച്ചിരുന്നു.

# സ്പോട്ട് അഡ്മിഷൻ

കേരള സർക്കാരിന്റെ ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം സെന്ററിൽ 2025–26 അധ്യയന വർഷത്തെ ഒരു വർഷം ദൈർഘ്യമുള്ള ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളായ ഫുഡ് പ്രൊഡക്ഷൻ/ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ/ ഫുഡ് ആൻഡ് ബിവറേജ് സർവീസ് എന്നീ കോഴ്സുകളിലേക്ക് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റും കൂടാതെ മറ്റ് വിഭാഗങ്ങളിൽ ഏതാനും സീറ്റുകളും ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 0471 2728340, 8075319643, 7561882783, 8075899870.

# നിക്ഷേപ പ്രക്രിയ വേഗത്തിലാക്കാൻ കെസ്വിഫ്റ്റ് : നിക്ഷേപകരിൽ നിന്ന് ലഭിക്കുന്നത് മികച്ച പ്രതികരണം

തിരുവനന്തപുരം: സംരംഭങ്ങൾ തുടങ്ങാനും വിപുലീകരിക്കാനും ആഗ്രഹിക്കുന്നവർക്കായി പ്രവർത്തിക്കുന്ന ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനമായ കേരള സിംഗിൾ വിൻഡോ ഇൻറർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരൻറ് ക്ലിയറൻസിന് (കെസ്വിഫ്റ്റ്) വട്ടേ:// സംശെള.േസല്യമഹമ.ഴീ.ശി/ ശിറലഃ/ നിക്ഷേപകരിൽ നിന്ന് ലഭിക്കുന്നത് മികച്ച പ്രതികരണം. കെസ്വിഫ്റ്റിൻറെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇഒഡിബി) സൂചികകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കേരളത്തിനായെന്നതും ശ്രദ്ധേയം.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) മുതൽ വൻകിട വ്യവസായങ്ങൾ വരെയുള്ള സംരംഭങ്ങൾക്ക് പ്രവർത്തനമാരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി ലൈസൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ ലഭ്യമാക്കുന്ന സമഗ്ര ഓൺലൈൻ പോർട്ടലാണ് കെസ്വിഫ്റ്റ് . പ്രൊഫഷണലുകൾ, വ്യാപാരികൾ, സ്റ്റാർട്ടപ്പുകൾ, പുതുസംരംഭകർ എന്നിവർക്കും കെസ്വിഫ്റ്റ് ഉപയോഗപ്രദമാണ്.

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള നിക്ഷേപകരിൽ നിന്ന് കെ-സ്വിഫ്റ്റിന് പ്രോത്സാഹജനകമായ പ്രതികരണമാണ് ലഭിച്ചതെന്ന് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. കേരളത്തിൻറെ വ്യാവസായികാന്തരീക്ഷത്തെ സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സുതാര്യവുമാക്കി മാറ്റുന്നതിന് ഇത് സഹായകമാണ്. സംരംഭങ്ങൾക്കാവശ്യമായ അംഗീകാര പ്രക്രിയ ലളിതവും കാര്യക്ഷമവുമാക്കാൻ കെസ്വിഫ്റ്റിലൂടെ ലക്ഷ്യമിടുന്നു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (ഐകെജിഎസ്-2025) പോലുള്ള വേദികളിൽ കെസ്വിഫ്റ്റ് ഉൾപ്പെടെയുള്ള സർക്കാർ സംരംഭങ്ങൾ ഫലപ്രദമായ മാതൃകയായി പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ 446 താത്പര്യപത്രങ്ങളിൽ നിന്നായി 1.80 ലക്ഷം കോടി രൂപയിലധികം വരുന്ന നിക്ഷേപ നിർദ്ദേശങ്ങൾ സമാഹരിച്ചുകൊണ്ട് സംസ്ഥാനം വലിയ കുതിച്ചുചാട്ടം നടത്തിയതായും അദ്ദേഹം കൂട്ടിച്ചേർത്തു.രജിസ്ട്രേഷനും ലൈസൻസിനുമുള്ള അപേക്ഷാ ഫോമുകൾ സമർപ്പിക്കുന്നതിനും തൊഴിൽ, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 22 ലധികം വകുപ്പുകളിൽ നിന്നും ബോർഡുകളിൽ നിന്നും സർട്ടിഫിക്കറ്റുകളും ക്ലിയറൻസുകളും നേടുന്നതിനും കെസ്വിഫ്റ്റ് പ്രയോജനപ്പെടുത്താനാകും.

വിവിധ സർക്കാർ വകുപ്പുകളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ തത്സമയ ട്രാക്കിംഗ്, സർട്ടിഫിക്കറ്റുകളുടെ ഡൗൺലോഡിംഗ്, പരിശോധനകളുടെ ഷെഡ്യൂൾ തിരഞ്ഞെടുക്കൽ, ലൈസൻസ് പുതുക്കൽ തുടങ്ങിയവയും കെസ്വിഫ്റ്റിലൂടെ സാധ്യമാകും.





സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സംഘടിപ്പിച്ച 'ആംനെസ്റ്റി പദ്ധതി 2025' സെമിനാറിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ മുഖ്യപ്രഭാഷണം നടത്തുന്നു

# കാർ നിയന്ത്രണം വിട്ട് പുഴയിലേക്ക് മറിഞ്ഞു; യാത്രികർ അത്ഭുതകരമായി രക്ഷപ്പെട്ടു

കോഴിക്കോട്: തോട്ടുമുക്കം പനമ്പിലാവ് ചെറുപുഴയ്ക്ക് കുറുകെയുള്ള പാലത്തിൽ നിന്നും കാർ പുഴയിലേക്ക് മറിഞ്ഞു. യാത്രികർ അത്ഭുതകരമായി രക്ഷപ്പെട്ടു.കക്കാടംപൊയിലിൽ വിനോദസഞ്ചാരത്തിനെത്തിയ മലപ്പുറം കടുങ്ങല്ലൂർ സ്വദേശികളാണ് അപകടത്തിൽപെട്ടത്. കക്കാടംപൊയിൽ വിനോദസഞ്ചാരകേന്ദ്രത്തിലേക്കുള്ള പ്രധാനപാതയാണിത്. ഇടുങ്ങിയ പാലത്തിന് കൈവരി ഇല്ലാത്തത് നാട്ടുകാർ അധികൃതരുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. എന്നാൽ നിരവധി തവണ പരാതിപ്പെട്ടിട്ടും നടപടിയുണ്ടായില്ലെന്ന് നാട്ടുകാർ ആരോപിച്ചു. താത്കാലികമായി നിർമിച്ച കൈവരി ഏത് നിമിഷവും പുഴയിലേക്ക് പതിക്കാവുന്ന തരത്തിൽ അപകടാവസ്ഥയിലാണ്

# ചെങ്ങന്നൂരിൽ ശബരിമല തീർഥാടകൻ മുങ്ങിമരിച്ചു

ആലപ്പുഴ: ശബരിമല തീർഥാടകൻ മുങ്ങി മരിച്ചു. തമിഴ്നാട് സ്വദേശി വി. ഗണേശൻ (48) ആണ് മരിച്ചത്. ചെങ്ങന്നൂർ മിത്രപുഴ ആറാട്ടുകടവിൽ ഇന്ന് പുലർച്ചെയാണ് സംഭവം. തമിഴ്നാട്ടിൽ നിന്നുള്ള എട്ടംഗ സംഘം ഇവിടെ കുളിക്കുന്നതിനിടെയാണ് അപകടം. ഗണേശൻ കാൽ വഴുതി പുഴയിലേക്ക് വീഴുകയായിരുന്നു.

കൂടെയുള്ളവർ നോക്കിനിൽക്കെ താഴ്ന്നുപോയ ഗണേശനെ മുക്കാൽ മണിക്കൂറിനുശേഷം അതേസ്ഥലത്തുതന്നെയാണ് കണ്ടെത്തിയത്. തുടർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# മിൽമയുടെ ഡിസൈൻ അനുകരിച്ച സ്വകാര്യ ഡെയറിക്ക് ഒരു കോടി രൂപ പിഴ ചുമത്തി കോടതി

തിരുവനന്തപുരം: മിൽമ (കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ) യുടെ പേരിനോടും രൂപകൽപ്പനയോടും സാമ്യതയുള്ള ഉത്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ട സ്വകാര്യ ഡെയറി സ്ഥാപനത്തിന് കോടതി ഒരു കോടി രൂപ പിഴ ചുമത്തി. മിൽമയുടെ ഡിസൈൻ ദുരുപയോഗം ചെയ്യുകയും വ്യാപാര നിയമങ്ങൾ ലംഘിക്കുകയും ചെയ്തതിനാണ് മിൽന എന്ന സ്ഥാപനത്തിന് തിരുവനന്തപുരം പ്രിൻസിപ്പൽ കൊമേഴ്സ്യൽ കോടതി ഒരു കോടി രൂപ പിഴ ചുമത്തിയത്.

മിൽമ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മിൽമയുടേതിന് സമാനമായ ഡിസൈനോ പാക്കിംഗോ ഉപയോഗിച്ച് പാലും പാൽ ഉൽപന്നങ്ങളും വിൽക്കുന്നതിൽ നിന്നും പരസ്യപ്പെടുത്തുന്നതിൽ നിന്നും സ്ഥാപനത്തെ കോടതി വിലക്കി. ഒരു കോടി രൂപ പിഴയും ആറ് ശതമാനം പിഴപ്പലിശയും 8,18,410 രൂപ കോടതി ഫീസും ഉൾപ്പെടെ അടയ്ക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നൽകി.

മിൽമയ്ക്ക് അനുകൂലമായ വിധിയിൽ സന്തോഷമുണ്ടെന്നും മിൽമയുടെ ബ്രാൻഡ് ഇമേജിനെ അപകീർത്തിപ്പെടുത്തി ഉപഭോക്താക്കളെ വഞ്ചിക്കുന്ന പ്രവൃത്തികൾ ഉണ്ടായാൽ ഇനിയും കർശന നടപടി കൈക്കൊള്ളുമെന്നും മിൽമ ചെയർമാൻ കെഎസ് മണി പറഞ്ഞു. കേരളത്തിലെ ക്ഷീരകർഷകരുടെ പ്രസ്ഥാനമായ മിൽമ വിതരണം ചെയ്യുന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ തന്നെ വാങ്ങി ഉപയോഗിക്കാൻ ഉപഭോക്താക്കൾ ശ്രദ്ധിക്കണമെന്നും ചെയർമാൻ കൂട്ടിച്ചേർത്തു.

# ഹോട്ടൽ മുറിയിൽ നിന്നും കാമുകനൊപ്പം ഭർത്താവ് പിടികൂടി; യുവതി ജീവനൊടുക്കി

ലക്നോ: ഉത്തർപ്രദേശിൽ യുവതി ഹോട്ടലിൽ നിന്നും ചാടി ജീവനൊടുക്കി. ബാഗ്പത് ജില്ലയിലെ ബറാത്ത് പട്ടണത്തിലാണ് സംഭവം. യുവതിയെയും കാമുകനെയും ഭർത്താവ് ഒരു ഹോട്ടലിൽ മുറിയിൽ നിന്നും പിടികൂടിയിരുന്നു. ഇതിനു പിന്നാലെയാണ് ഇവർ ഹോട്ടലിന്റെ ടെറസിൽ നിന്നും താഴേയ്ക്ക് ചാടിയത്.

തിങ്കളാഴ്ച ബറാവുത് ടൗണിലെ ചപ്രൗലി റോഡിലുള്ള ഒരു ഹോട്ടലിലാണ് സംഭവം നടന്നത്. യുവതി കാമുകനായ ശോഭിത്തിനൊപ്പം ഹോട്ടലിൽ എത്തി. ഇതറിഞ്ഞ ഭർത്താവും ബന്ധുക്കളും സ്ഥലത്തെത്തുകയും ഇവരെ പിടികൂടുകയും ചെയ്തു. ഭർത്താവിനെയും ബന്ധുക്കളെയും കണ്ട് പരിഭ്രാന്തയായ യുവതി ഏകദേശം 12 അടി ഉയരമുള്ള ഹോട്ടൽ മേൽക്കൂരയിൽ നിന്ന് ചാടുകയായിരുന്നു. യുവതിക്കൊപ്പം കണ്ടയാളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണെന്ന് ബറാത്ത് കോട്വാലി സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ) മനോജ് കുമാർ ചാഹൽ പറഞ്ഞു.

തുഗാന ഗ്രാമത്തിലെ ഒരു യുവാവാണ് ഹോട്ടൽ വാടകയ്ക്ക് നടത്തിയിരുന്നതെന്നും അയാളെയും ചോദ്യം ചെയ്തുവരികയാണെന്നും ചാഹൽ കൂട്ടിച്ചേർത്തു. ഭർത്താവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് അന്വേഷിച്ചുവരികയാണെന്നും ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പോലീസിന് നൽകിയ പരാതി പ്രകാരം, 2019 ൽ കാകോർ ഗ്രാമത്തിലെ ഒരാളുമായി സ്ത്രീ വിവാഹിതയായിരുന്നു. ദമ്പതികൾക്ക് ഒരു മകനുണ്ട്. വിവാഹത്തിന് മുമ്പ് ഭാര്യ നിരവധി പുരുഷന്മാരുമായി ബന്ധത്തിലായിരുന്നുവെന്നും വിവാഹശേഷം ആ ബന്ധങ്ങൾ തുടർന്നതായും ഭർത്താവ് ആരോപിച്ചു.

കള്ളക്കേസുകൾ ചുമത്തി ഭീഷണിപ്പെടുത്തിയിരുന്നതായും എതിർത്താൽ കൊല്ലുമെന്ന് പോലും ഭീഷണിപ്പെടുത്തിയിരുന്നതായും യുവതിയുടെ ഭർത്താവ് പരാതിയിൽ പറയുന്നു. സംഭവം നടന്ന ദിവസം ദമ്പതികൾ എസ്പി ഓഫീസിലെ വനിതാ സെല്ലിൽ കൗൺസിലിംഗിന് വിധേയരായിരുന്നുവെന്നും ഭർത്താവ് പറഞ്ഞു.

ഇതേദിവസം, ഭാര്യ കാമുകനുമായി ബൈക്കിൽ പോകുന്നത് കണ്ടതായി അയാൾ അവകാശപ്പെടുകയും അവരെ ഹോട്ടലിലേക്ക് പിന്തുടരുകയും ചെയ്തു. തുടർന്ന് അയാൾ പോലീസിൽ വിവരം അറിയിച്ചു. തുടർന്നാണ് യുവതി ജീവനൊടുക്കുന്നത്. സംഭവത്തിന് ശേഷം, ഭർത്താവ് തന്റെ ജീവന് ഭീഷണിയുണ്ടെന്നും പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും എസ്എച്ച്ഒ പറഞ്ഞു.

# ആക്സിയം 4 ബഹിരാകാശ ദൗത്യം ജൂൺ 22ന്

ഫ്ളോറിഡ: ഇന്ത്യൻ ബഹിരാകാശ യാത്രകൻ ശുഭാംശു ശുക്ല ഉൾപ്പെട്ട ആക്സിയം 4 ബഹിരാകാശ ദൗത്യം ജൂൺ 22ന്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള നാലാമത്തെ സ്വകാര്യ വാണിജ്യ ദൗത്യമാണ് ആക്സിയം -4.നാസ, ആക്സിയം സ്പേസ്, സ്പേസ് എക്സ് എന്നിവയുടെ സഹകരണത്തോടെയാണ് ആക്സിയം മിഷൻ 4 ഒരുക്കിയിരിക്കുന്നത്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നാസയ്ക്ക് കൂടുതൽ സമയം നൽകുന്നതിന്റെ ഭാഗമായാണ് ദൗത്യം നീട്ടുന്നതെന്ന് ആക്സിയം സ്പേസ് അറിയിച്ചു.റോക്കറ്റ് പൂർണ സജ്ജമാണെന്നും വിക്ഷേപണത്തിന് മുന്നോടിയായി നടത്തേണ്ട വെറ്റ് ഡ്രെസ് റിഹേഴ്സലും അടക്കം പൂർത്തിയാക്കിയെന്നും സ്പേസ് എക്സ് നേരത്തെ അറിയിച്ചിരുന്നു. നാസയുടെ അനുമതി കിട്ടിയാൽ എപ്പോൾ വേണമെങ്കിലും വിക്ഷേപണത്തിന് തയാറാണെന്നും കമ്പനി വിശദീകരിക്കുന്നു. ദൗത്യത്തിന് മുന്നോടിയായുള്ള ക്വാറൻറീനിലാണ് നിലവിൽ നാലംഗ ദൗത്യ സംഘം. ഫ്ളോറിഡയിലെ നാസയുടെ കെന്നഡി സ്പേസ് സെൻററിലെ ലോഞ്ച് കോംപ്ലക്സ് 39എയിൽ നിന്ന് ഫാൽക്കൺ 9 ലെ സ്പേസ് എക്സ് ഡ്രാഗൺ ബഹിരാകാശ പേടകമാണ് ബഹിരാകാശ ദൗത്യത്തിന് ഉപയോഗിക്കുന്നത്. നാസയിലെ മുൻ ബഹിരാകാശയാത്രികയും ആക്സിയം സ്പേസിലെ മനുഷ്യ ബഹിരാകാശ ദൗത്യങ്ങളുടെ ഡയറക്ടറുമായ പെഗ്ഗി വിറ്റ്സൺ ആണ് ബഹിരാകാശ യാത്രയ്ക്ക് നേതൃത്വം നൽകുന്നത്. ഐഎസ്ആർഒ പ്രതിനിധിയായി ഇന്ത്യക്കാരൻ ശുഭാംശു ശുക്ല, പോളണ്ടിലെ ഇഎസ്എ (യൂറോപ്യൻ ബഹിരാകാശ ഏജൻസി) പ്രോജക്റ്റ് ബഹിരാകാശ യാത്രികൻ സ്ലാവോസ് ഉസ്നാൻസ്കി-വിസ്നിവ്സ്കിയും ഹംഗറിയിലെ ടിബോർ കപുവുമാണ് ദൗത്യത്തിന്റെ ഭാഗമാകുന്ന മറ്റ് രണ്ട് പേർ.

# ഭർത്താവ് വായ്പ തിരിച്ചടച്ചില്ല; യുവതിയെ മരത്തിൽ കെട്ടിയിട്ട് പലിശക്കാരൻ

ഹൈദരാബാദ്: വായ്പ തിരിച്ചടച്ചില്ല എന്ന കാരണം ചൂണ്ടിക്കാട്ടി പണം വാങ്ങിയ യുവാവിന്റെ ഭാര്യയെ മരത്തിൽ കെട്ടിയിട്ട് പണമിടപാടുകാരൻ.

യുവതിയെ മരത്തിൽ കെട്ടിയിട്ട ശേഷം അസഭ്യം പറയുകയും മർദിക്കുകയും ചെയ്തു. പണം തിരിച്ചടച്ചില്ലെങ്കിൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയെന്നും പരാതിയുണ്ട്.

ആന്ധ്രയിലെ ചിറ്റൂർ ജില്ലയിലാണ് സംഭവം. സിരിശ എന്ന യുവതിയെയാണ് പണമിടപാടുകാരൻ മരത്തിൽ കെട്ടിയിട്ടത്.

സിരിശയുടെ ഭർത്താവ് തിമ്മരയപ്പ, മണിക്കുന്നപ്പ എന്ന പണമിടപാടുകാരനിൽ നിന്ന് മൂന്ന് വർഷം മുൻപ് 80, 000 രൂപ വായ്പ വാങ്ങിയിരുന്നു. ഇത് തിരിച്ചടയ്ക്കാൻ സാധിക്കാത്തതിനാൽ ദമ്പതികൾ കുട്ടികളുമൊത്ത് ഗ്രാമം വിട്ട് മറ്റൊരിടത്തേക്ക് മാറിയിരുന്നു. കുടുംബം നോക്കാനായി സിരിശ ജോലിക്ക് പോകുന്നുമുണ്ടായിരുന്നു.

മകന്റെ എക്സാം സർട്ടിഫിക്കറ്റുകൾ വാങ്ങാനായി സിരിശ വീണ്ടും ഗ്രാമത്തിലേക്ക് എത്തിയപ്പോഴായിരുന്നു മണിക്കുന്നപ്പയുടെ അതിക്രമം ഉണ്ടായത്. സിരിശയെ കണ്ടയുടനെ ഇയാൾ അസഭ്യം പറയുകയും അടുത്ത് ഒരു മരത്തിൽ കെട്ടിയിടുകയും ചെയ്തു.

ശേഷം വാങ്ങിയ പണം തിരികെ നൽകിയില്ലെങ്കിൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി. നാട്ടുകാരും മറ്റും സംഭവം ചിത്രീകരിക്കാൻ ശ്രമിച്ചപ്പോൾ അവരെയും മണിക്കുന്നപ്പ ഭീഷണിപ്പെടുത്തി. നാട്ടുകാർ ഉടൻ തന്നെ പോലീസിനെ കാര്യങ്ങൾ വിളിച്ചറിയിച്ചു. തുടർന്ന് പോലീസ് എത്തി മണിക്കുന്നപ്പയെ കസ്റ്റഡിയിൽ എടുക്കുകയും സിരിശയെ മോചിപ്പിക്കുകയുമായിരുന്നു. സംഭവത്തിൽ കർശന നടപടിയെടുക്കാൻ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു നിർദേശം നൽകിയിട്ടുണ്ട്. ഇനി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും നായിഡു ആവശ്യപ്പെട്ടു.

# വിവാഹം കഴിക്കാമെന്ന് പറഞ്ഞ് ഗോവയിലെത്തിച്ചു; കാമുകിയെ കൊന്ന് യുവാവ്

ബംഗളൂരു: വിവാഹം കഴിക്കാമെന്ന് വിശ്വസിപ്പിച്ച് കാമുകിയെ ഗോവയിലെത്തിച്ച് കൊലപാതകം നടത്തി യുവാവ്. സംഭവത്തിൽ ബംഗളൂരു സ്വദേശിയായ സഞ്ജയ് കെവിനാണ് പിടിയിലായത്.

പ്രദേശവാസിയും കാമുകിയുമായ റോഷ്നി മോസസിനെയാണ് സഞ്ജയ് കൊലപ്പെടുത്തിയത്. പ്രതാപ് നഗറിലെ വനപ്രദേശത്ത് നിന്നുമാണ് റോഷ്നിയുടെ മൃതദേഹം പൊലീസ് കണ്ടെടുത്തത്.

ബംഗളൂരുവിലെ സ്കൂളിലെ ജീവനക്കാരിയായിരുന്നു കൊല്ലപ്പെട്ട റോഷ്നി. സ്കൂൾ പഠന കാലത്താണ് ഇരുവരും സൗഹൃദത്തിലാകുന്നത്. ഇത് പ്രണയമായി വളർന്നു.

എന്നാൽ റോഷ്നിക്ക് മറ്റൊരാളുമായി അടുപ്പമുണ്ടെന്ന് സഞ്ജയ് സംശയിച്ചുവെന്നും ഈ സംശയത്തെ തുടർന്നാണ് ഗോവയിലെത്തിച്ച് വകവരുത്താൻ തീരുമാനിച്ചതെന്നും അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നു. തുടർന്ന് കടലോരത്ത് വച്ച് വിവാഹിതരാകാമെന്ന് റോഷ്നിയെ പറഞ്ഞ് വിശ്വസിപ്പിച്ച് ഗോവയിലേക്ക് കൂട്ടിക്കൊണ്ടുവന്നു.

ഞായറാഴ്ച ദർബാൻദോറയിലെ വന്യജീവി സംരക്ഷണ കേന്ദ്രം കാണാൻ ഇരുവരും എത്തി. ഇവിടെ വച്ചാണ് കയ്യിൽ കരുതിയിരുന്ന കത്തി കൊണ്ട് റോഷ്നിയുടെ കഴുത്തറുത്തത്. മൃതദേഹം കാട്ടിൽ ഉപേക്ഷിച്ചതിന് പിന്നാലെ ടാക്സി വിളിച്ച് ഹുബ്ബളിയിലേക്ക് മടങ്ങി. റോഷ്നിയുടെ ഫോണും സഞ്ജയ് കൈവശം വച്ചുവെന്ന് അന്വേഷണത്തിൽ തെളിഞ്ഞു.

തിങ്കളാഴ്ച രാവിലെ പ്രദേശവാസിയായ കർഷകനാണ് റോഡിൽ നിന്നും 100 മീറ്റർ മാറി വനത്തിൽ കിടന്ന മൃതദേഹം കണ്ടെത്തിയത്. ഉടൻ തന്നെ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു.

സ്ഥലത്തെത്തിയ പോലീസ് റോഷ്നിയുടെ ശരീരത്തിൽ കിടന്ന ബാഗിൽ നിന്നും ബസ് ടിക്കറ്റ് കണ്ടെടുത്തു. ഇതിനായി പണം അടച്ചത് സഞ്ജയുടെ ഫോൺ നമ്പറിൽ നിന്നായിരുന്നു. ഇതോടെയാണ് അന്വേഷണം സഞ്ജയിലേക്ക് എത്തിയത്. 24 മണിക്കൂറിനകം ബംഗളൂരുവിൽ നിന്ന് പോലീസ് പിടികൂടി അറസ്റ്റ് ചെയ്യുകയായിരുന്നു.

# ഇന്ത്യ – കാനഡ നയതന്ത്ര ബന്ധം പുനഃസ്ഥാപിക്കാൻ ധാരണ; ഹൈക്കമ്മീഷണർമാരെ നിയമിക്കും

ഒട്ടാവ: ഒരിടവേളയ്ക്ക് ശേഷം ഇന്ത്യ – കാനഡ നയതന്ത്ര ബന്ധം പുനഃസ്ഥാപിക്കാൻ ധാരണ. ജി 7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കാനഡ പ്രധാനന്ത്രി മാർക്ക് കാർണിയും തമ്മിൽ നടന്ന ചർച്ചയിലാണ് ഇതുസസംബന്ധിച്ച തീരുമാനം ഉണ്ടായത്. ഇന്ത്യയും കാനഡയും പുതിയ ഹൈക്കമ്മീഷണർമാരെ നിയമിക്കും.

ഇരുരാജ്യങ്ങളിലെയും പൗരന്മാർക്കും ബിസിനസുകൾക്കും നയതന്ത്ര സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ നീക്കം. ജി7 ഉച്ചകോടിയിൽ നരേന്ദ്ര മോദിയും മാർക്ക് കാർണിയും ഉഭയകക്ഷി ചർച്ചകൾ നടത്തി.

പരസ്പര ബഹുമാനം, പരമാധികാരത്തോടുള്ള പ്രതിബദ്ധത എന്നിവയിൽ അധിഷ്ഠിതമായിരിക്കും കാനഡ – ഇന്ത്യ ബന്ധമെന്ന് ചർച്ചകൾക്ക് പിന്നാലെ കനേഡിയൻ പ്രധാനമന്ത്രി പറഞ്ഞു. കനേഡിയൻ പ്രധാനമന്ത്രിയുടെ ഓഫീസ് പുറത്തിറക്കിയ പ്രസ്താവനയിൽ സാമ്പത്തിക സഹകരണം, വ്യാപാരം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഒരുമിച്ച് പ്രവർത്തിക്കാൻ ധാരണയായതായി വ്യക്തമാക്കി.

‘പൗരന്മാർക്കും ബിസിനസുകൾക്കും സാധാരണ സേവനങ്ങൾ നൽകുന്നതിന് പുതിയ ഹൈക്കമ്മീഷണർമാരെ നിയമിക്കാൻ നേതാക്കൾ സമ്മതിച്ചു. ’സാമ്പത്തിക വികസനം, ഊർജ്ജം, ഭക്ഷ്യസുരക്ഷ തുടങ്ങിയ വിഷയങ്ങളിലും ചർച്ചകൾ നടന്നു. ജനാധിപത്യം, സ്വാതന്ത്ര്യം, നിയമവാഴ്ച തുടങ്ങിയ കാര്യങ്ങളിൽ ഉറച്ച വിശ്വസിച്ചുകൊണ്ട് ഇന്ത്യയും കാനഡയും ഏറെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും കൂടിക്കാഴ്ച മികച്ചതായിരുന്നുവെന്നും പ്രധാനമന്ത്രി മോദി എക്സിൽ കുറിച്ചു.

ഒരു ദശാബ്ദത്തിനുശേഷമാണ് മോദി കാനഡയിലെത്തുന്നത്. ഇന്ത്യയും കാനഡയും തമ്മിലുള്ള സൗഹൃദം ശക്തമായി തുടരുമെന്നും വ്യാപാരം, ഊർജം, ബഹിരാകാശം, ധാതുസമ്പത്ത് തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിൽ സഹകരണം തുടരുമെന്നും മോദി വ്യക്തമാക്കി.

# സന്ദേശങ്ങൾ കൈമാറുന്നു; ജനങ്ങളോട് വാട്സ്ആപ്പ് കളയണമെന്ന് ഇറാൻ

ടെഹ്റൻ: ഫോണുകളിൽ നിന്ന് വാട്സ്ആപ്പ് ഒഴിവാക്കാൻ നിർദേശം നൽകി ഇറാൻ. ഇതുസംബന്ധിച്ച് ഇന്നലെ ദേശീയ ടെലിവിഷനിലൂടെ അറിയിപ്പ് നൽകി. വാട്സ്ആപ്പ് ഒഴിവാക്കാനുള്ള നിർദേശത്തിന് പിന്നിൽ പ്രത്യേകിച്ച് കാരണമൊന്നും അധികൃതർ വെളിപ്പെടുത്തിയിട്ടില്ലെങ്കിലും, ഇസ്രായേലിന് വിവരങ്ങൾ കൈമാറുന്നുവെന്ന ആരോപണത്തെ തുടർന്നാണെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ, വിവരങ്ങൾ ചോർത്തുന്നുവെന്ന വാർത്ത വാട്സ്ആപ്പ് നിഷേധിച്ചു. ജനങ്ങൾക്ക് ഏറ്റവും ആവശ്യമുള്ള സമയത്ത് തങ്ങളുടെ സേവനങ്ങൾ ബ്ലോക്ക് ചെയ്യാൻ ഇത്തരം തെറ്റായ റിപ്പോർട്ടുകൾ കാരണമാകുന്നതിൽ ആശങ്കയുണ്ടെന്ന് വാട്സാപ്പ് പ്രതികരിച്ചു. ’

ഞങ്ങൾ നിങ്ങളുടെ കൃത്യമായ ലൊക്കേഷൻ ട്രാക്ക് ചെയ്യുന്നില്ല, ആര് ആർക്ക് സന്ദേശമയക്കുന്നുവെന്ന കാര്യം സൂക്ഷിക്കുന്നില്ല, പേഴ്സണൽ സന്ദേശങ്ങൾ ട്രാക്ക് ചെയ്യുന്നില്ല. ഒരു സർക്കാറിനും വിവരങ്ങൾ ഞങ്ങൾ മൊത്തമായി കൈമാറുന്നില്ല. എൻഡ്-ടു-എൻഡ് എൻക്രിപ്ഷനാണ് ഉപയോഗിക്കുന്നത്. അയക്കുന്ന ആൾക്കും സ്വീകരിക്കുന്ന ആൾക്കുമല്ലാതെ മൂന്നാമതൊരാൾക്ക് സന്ദേശം വായിക്കാനാകില്ല’ -വാട്സ്ആപ്പ് വ്യക്തമാക്കി.ഇൻസ്റ്റഗ്രാമിനും ടെലഗ്രാമിനും പുറമെ ഇറാനിൽ ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്ന സാമൂഹ്യ മാധ്യമം വാട്ട്സ്ആപ്പാണ്. ഹിജാബ് നിയമം ലംഘിച്ചെന്ന പേരിൽ പോലീസ് കസ്റ്റഡിയിലെടുത്ത മഹ്സ അമീനിയുടെ മരണവുമായി ബന്ധപ്പെട്ട് ഇറാനിൽ നടന്ന പ്രതിഷേധത്തിന് പിന്നാലെ 2022ൽ ഇറാനിൽ വാട്ട്സ്ആപ്പും ഗൂഗിൾ പ്ലേ സ്റ്റോറും നിരോധിച്ചിരുന്നു. കഴിഞ്ഞവർഷം അവസാനമാണ് ഇതിന് രണ്ടുമുള്ള വിലക്ക് ഇറാൻ വിൻവലിച്ചത്.

# അടിയന്തരാവസ്ഥക്കാലത്തെ തടവുപുള്ളികൾക്ക് നൽകിയിരുന്ന പെൻഷൻ തുക ഇരട്ടിയാക്കാൻ മഹാരാഷ്ട്ര മന്ത്രിസഭാ തീരുമാനം

മുംബൈ: അടിയന്തരാവസ്ഥക്കാലത്ത് ജയിലിൽ അടയ്ക്കപ്പെട്ടവർക്ക് നൽകിയിരുന്ന പെൻഷൻ തുക ഇരട്ടിയായി വർധിപ്പിക്കാൻ തീരുമാനിച്ച് മഹാരാഷ്ട്ര മന്ത്രിസഭ.

തടവിലാക്കപ്പെട്ടവരുടെ പങ്കാളികൾക്കും പെൻഷൻ നൽകാൻ മന്ത്രിസഭ തീരുമാനിച്ചു.അടിയന്തരാവസ്ഥക്കാലത്ത് ജയിലിൽ കഴിഞ്ഞ മഹാരാഷ്ട്രയിൽ നിന്നുള്ള വ്യക്തികളുടെ സംഭാവനകളെ ആദരിക്കുന്നതിനായി പരിഷ്കരിച്ച ‘ഗൗരവ് യോജന’ പ്രകാരമാണ് ഈ നടപടി.നിലവിൽ പെൻഷൻ ആനുകൂല്യമായി 5,000 രൂപ മുതൽ 10, 000 രൂപ വരെ ഓണറേറിയം നൽകിവരുന്നുണ്ട്. മന്ത്രിസഭാ തീരുമാനപ്രകാരം ഓണറേറിയം തുക ഇരട്ടിയാകും.

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസിന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം 2025–2029 ലെ മഹാകൃഷി-എഐ നയത്തിനും അംഗീകാരം നൽകി. കാർഷിക മേഖലയിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ) ഉപയോഗിക്കുകയാണ് ലക്ഷ്യം. ഇത്തരം സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിലൂടെ കാർഷിക മേഖലയിൽ കൂടുതൽ മെച്ചം കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. എഐ, ജനറേറ്റീവ് എഐ, ഡ്രോണുകൾ, കമ്പ്യൂട്ടർ വിഷൻ, റോബോട്ടിക്സ്, പ്രൊഡക്റ്റീവ് അനലിറ്റിക്സ് എന്നിവ ഉപയോഗിക്കുന്നത്, സംസ്ഥാനത്തെ നിലവിലെ പദ്ധതികളായ അഗ്രി സ്റ്റാക്ക്, മഹാവേദ, ക്രോപ്സാപ്, അഗ്മാർക്ക്നെറ്റ് തുടങ്ങിയ പദ്ധതികൾക്ക് സഹായകമാകുമെന്നാണ് കരുതുന്നത്.

# അഗ്നിപർവത സ്ഫോടനം: ബാലിയിലേക്ക് പോയ എയർഇന്ത്യ വിമാനം തിരികെ വന്നു

ന്യൂഡൽഹി: ഡൽഹിയിൽ നിന്നും ബാലിയിലേക്ക് പോയ എയർഇന്ത്യ വിമാനം തിരികെ വന്നു. ബാലിയിലെ പ്രധാന എയർപോർട്ടിന് സമീപം അഗ്നിപർവത സ്ഫോടനം റിപ്പോർട്ട് ചെയ്തതിന് തുടർന്നാണ് വിമാനം തിരികെ പറന്നത്. ബുധനാഴ്ച രാവിലെയാണ് സംഭവമുണ്ടായത്. വിമാനം യാത്രക്കാരുമായി സുരക്ഷിതമായി ഡൽഹി വിമാനത്താവളത്തിൽ ഇറങ്ങിയതായി എയർ ഇന്ത്യ അറിയിച്ചു.വിമാനം വൈകിയത് മൂലം യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ടിൽ എയർ ഇന്ത്യ ഖേദം പ്രകടിപ്പിച്ചു. യാത്രക്കാർക്ക് ഹോട്ടലുകളിൽ താമസസൗകര്യം ഒരുക്കുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി.

ടിക്കറ്റുകൾ റദ്ദാക്കുന്നവർക്ക് പൂർണമായ റീഫണ്ട് നൽകും. മറ്റ് വിമാനങ്ങളിൽ ബാലിയിലേക്ക് യാത്ര ചെയ്യാനുള്ള സൗകര്യവും ഒരുക്കുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി. എയർഇന്ത്യ കൂടാതെ, അഗ്നിപർവത സ്ഫോടനത്തെ തുടർന്ന് ബാലിയിൽ നിന്നും ബാലിയിലേക്കുമുള്ള നിരവധി വിമാനങ്ങൾ റദ്ദാക്കിയിട്ടുണ്ട്. വിർജിൻ ഓസ്ട്രേലിയ, സിംഗപ്പൂർ എയർലൈൻ, എയർ ന്യൂസിലാൻഡ്, ജെറ്റ്സ്റ്റാർ തുടങ്ങിയ കമ്പനികളുടെ വിമാന സർവീസുകളെല്ലാം റദ്ദാക്കിയവിൽ ഉൾപ്പെടും. മൗണ്ട് ലെവോട്ടോബി ലക്കി ലക്കി അഗ്നിപർവതമാണ് പൊട്ടിതെറിച്ചത്. നവംബറിൽ ഈ അഗ്നിപവർതം പൊട്ടിത്തെറിച്ച് 11 പേർ മരിച്ചിരുന്നു. നിലവിൽ അഗ്നിപർവത സ്ഫോടനത്തിൽ ആരും മരിച്ചതായി വിവരമില്ല.

# ഇന്ത്യ–പാക് തർക്കം; ആരുടെയും മധ്യസ്ഥത സ്വീകരിച്ചിട്ടില്ലെന്ന് ട്രംപിനോട് മോദി

ന്യൂഡൽഹി: ഇന്ത്യ-പാക് തർക്കത്തിൽ ആരുടെയും മധ്യസ്ഥത സ്വീകരിച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി നടത്തിയ ഫോൺ സംഭാഷണത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. പാക്കിസ്ഥാൻ അഭ്യർഥിച്ചതോടെയാണ് ഇന്ത്യ ആക്രമണം അവസാനിപ്പിച്ചതെന്നും അദ്ദേഹം ട്രംപിനെ അറിയിച്ചു. പാക്കിസ്ഥാന് ചുട്ടമറുപടി നൽകിയതായി പ്രധാനമന്ത്രി ട്രംപിനെ അറിയിച്ചുവെന്ന് വിദേശകാര്യ സെക്രട്ടറി അറിയിച്ചു. മോദി, ട്രംപിനെ ഇന്ത്യയിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇരുവരും 35മിനിട്ടോളം സംസാരിച്ചു. ഓപ്പറേഷൻ സിന്ദൂറിന് ശേഷം ആദ്യമായാണ് ട്രംപും മോദിയും സംസാരിക്കുന്നത്.

# ഫിഫ ക്ലബ് ലോകകപ്പ്: മാഞ്ചസ്റ്റർ സിറ്റിയും റയൽ മാഡ്രിഡും ഇന്ന് കളത്തിലിറങ്ങും

വാഷിംഗ്ടൺ: ഫിഫ ക്ലബ് ലോകകപ്പിൽ ഇന്ന് വമ്പൻ ടീമുകൾ കളത്തിലിറങ്ങും. ഇംഗ്ലീഷ് കരുത്തരായ മാഞ്ചസ്റ്റർ സിറ്റിക്കും സ്പാനിഷ് വമ്പൻമാരായ റയൽ മാഡ്രിഡിനും ഇന്ന് മത്സരമുണ്ട്. ഇന്ന് ഇന്ത്യൻ സമയം രാത്രി 9.30 ന് നടക്കുന്ന മത്സരത്തിൽ മാഞ്ചസ്റ്റർ സിറ്റി മൊറോക്കൻ ടീമായ വൈഡാഡ് എസിയെ നേരിടും. ഫിലാഡൽഫിയയിലെ ലിങ്കൻ ഫിനാൻഷ്യൽ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം നടക്കുക. ഇന്ന് രാത്രി 12.30നാണ് റയൽ മാഡ്രിഡിന്റെ മത്സരം. മയാമി ഗാർഡൻസിലുള്ള ഹാർഡ് റോക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ റയൽ സൗദി വമ്പൻമാരായ അൽഹിലാലിനെ നേരിടും.

# ഇറാനിൽനിന്ന് 110 ഇന്ത്യൻ വിദ്യാർഥികൾ അർമേനിയയിൽ; ആദ്യ വിമാനം ഇന്ന് ഡൽഹിയിലെത്തും

ടെഹ്റാൻ: യുദ്ധം രൂക്ഷമായ ഇറാനിൽ നിന്നുള്ള ഇന്ത്യൻ വിദ്യാർഥികളുമായി അർമേനിയയിൽ നിന്നുള്ള ആദ്യ വിമാനം ഇന്ന് ന്യൂഡൽഹിയിലെത്തും. 110 ഇന്ത്യൻ മെഡിക്കൽ വിദ്യാർഥികളെ അർമേനിയയുടെ തലസ്ഥാനമായ യെരവാനിലെത്തിച്ചിരുന്നു. ഇവിടെ നിന്നാണ് ഇവർ ഇന്ത്യയിലേക്ക് പുറപ്പെടുന്നത്.

വ്യോമമേഖല അടച്ചിരിക്കുന്നതിനാൽ ടെഹ്റാനിൽനിന്ന് 148 കിലോമീറ്റർ അകലെ ക്വോം നഗരത്തിലെത്തിച്ചാണ് ഇന്ത്യക്കാരെ അതിർത്തി കടത്തുന്നത്. ക്വോമിലേക്ക് 600 ഇന്ത്യൻ വിദ്യാർഥികളെ മാറ്റിയിട്ടുണ്ട്. ഇറാനിലുള്ള നാലായിരത്തോളം ഇന്ത്യക്കാരിൽ 1,500 പേർ വിദ്യാർഥികളാണ്. ഇതിൽ ഭൂരിഭാഗവും കാഷ്മീരിൽനിന്നുള്ളവരാണ്. യുഎഇ വഴിയും ഇന്ത്യക്കാരെ മടക്കിക്കൊണ്ടുവരാൻ ശ്രമം നടത്തുന്നുണ്ട്.

പശ്ചിമേഷ്യയിലെ യുദ്ധമുഖം കൂടുതൽ തീവ്രമാകുന്നതിനിടെ സ്വയംപര്യാപ്തരായ മറ്റു താമസക്കാരോടും നഗരം വിടാൻ വിദേശകാര്യമന്ത്രാലയം നിർദേശിച്ചിട്ടുണ്ട്. രാജ്യംവിടാൻ താത്പര്യമുള്ളവർക്ക് അതിർത്തി കടക്കാൻ സഹായം നൽകുമെന്നും ജാഗ്രത പാലിക്കണമെന്നും ഇസ്രയേലിലെ ഇന്ത്യക്കാർക്ക് ഇന്ത്യൻ എംബസി നിർദേശം നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



പ്ലസ് വൺ പ്രവേശനോത്സവത്തിന് എത്തിയ എസ്. ധവപ്രിയനെ മന്ത്രി വി. ശിവൻകുട്ടി ഉപഹാരം നൽകി സ്വീകരിക്കുന്നു

# സെക്രട്ടേറിയറ്റിനു മുന്നിൽ മഹാറാലി; ആശാവർക്കർമാരുടെ രാപ്പകൽ സമരയാത്ര ഇന്നു സമാപിക്കും

തിരുവനന്തപുരം: കഴിഞ്ഞ മാസം അഞ്ചിന് കാസർഗോട്ടു നിന്ന് ആരംഭിച്ച ആശാവർക്കർമാരുടെ രാപ്പകൽ സമരയാത്ര ഇന്നു സെക്രട്ടേറിയറ്റിനു മുന്നിൽ മഹാറാലിയോടെ സമാപിക്കും. രാവിലെ 10ന് പിഎംജി ജംഗ്ഷനിൽ നിന്നും റാലി ആരംഭിക്കും. 11നു പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ റാലിയുടെ ഭാഗമായുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യും.

കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം. എ. ബിന്ദുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച യാത്ര 46-ാം ദിവസമാണു സെക്രട്ടേറിയറ്റിനു മുന്നിൽ സമാപിക്കുന്നത്. ആശാവർക്കർമാരുടെ രാപ്പകൽ സമരയാത്ര 4200 കിലോമീറ്ററോളം സഞ്ചരിച്ചാണ് ഇന്നു തിരുവനന്തപുരത്തു സെക്രട്ടേറിയറ്റിനു മുന്നിൽ എത്തുന്നത്. ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം നൽകുക തുടങ്ങി ആവശ്യങ്ങൾ ഉന്നയിച്ചാണ് ആശാവർക്കർമാർ സമരം ആരംഭിച്ചത്. പലതവണ സർക്കാരുമായി ചർച്ച നടത്തിയെങ്കിലും സമരക്കാർ ഉന്നയിച്ച ഒരു ആവശ്യത്തിലും അനുകൂലമായ സമീപനം സ്വീകരിക്കാൻ മന്ത്രിമാരടക്കമുള്ളവർ തയാറായില്ല. പകരം സമരത്തേയും അതിനു നേതൃത്വം നൽകുന്നവർക്കെതിരേയും ഭരണപക്ഷ നേതാക്കൾ അധിക്ഷേപിക്കുന്ന സമീപനം വരെയുണ്ടായി. സമരത്തിനു നേതൃത്വം നൽകുന്നതു വർഗീയസംഘടനകളാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞത് ഏറെ വിവാദമായിരുന്നു. എന്നാൽ യുഡിഎഫും ബിജെപിയും സമരത്തിനു പൂർണ പിന്തുണ പ്രഖ്യാപിച്ചു.

കോൺഗ്രസ് നേതാക്കൾ സെക്രട്ടേറിയറ്റിനു മുന്നിലെ സമരപ്പന്തലിലെത്തി പിന്തുണ പ്രഖ്യാപിക്കുന്നതു നിത്യകാഴ്ചയായി. സമരം ഒത്തുതീർപ്പാക്കാൻ സിപിഎം നേതൃത്വത്തിന്റെ ഭാഗത്തു നിന്നും ഒരു നീക്കവും ഇതുവരെയും ഉണ്ടായില്ല.

പരിശീലന പരിപാടി സംഘടിപ്പിച്ച് സർക്കാർ

രാപ്പകൽ സമരയാത്ര ഇന്നു സെക്രട്ടേറിയറ്റിനു മുന്നിൽ സമാപിക്കുന്പോൾ ആശമാർക്ക് ഇന്നു തന്നെ പരിശീലനപരിപാടി സംഘടിപ്പിച്ച് സർക്കാർ.

വകുപ്പുമായി ബന്ധപ്പെട്ടുള്ള പുതിയ പദ്ധതികൾ പോർട്ടൽ മുഖാന്തിരം പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനപരിപാടിയാണു സംഘടിപ്പിച്ചിരിക്കുന്നത്. നിർബന്ധമായും ആശാവർക്കർമാർ പങ്കെടുക്കണമെന്ന അറിയിപ്പാണു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയിരിക്കുന്നത്.

# ഹയർസെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം അടുത്ത അക്കാദമിക വർഷം നടപ്പാക്കും: മന്ത്രി വി ശിവൻകുട്ടി

### *പ്ലസ് വൺ പ്രവേശനോത്സവം 'വരവേൽപ്പ് 2025' ഉദ്ഘാടനം ചെയ്തു

ഹയർസെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം അടുത്ത അക്കാദമിക വർഷം നടപ്പാക്കുമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. പ്ലസ് വൺ പ്രവേശനോത്സവം 'വരവേൽപ്പ് 2025' തിരുവനന്തപുരം മോഡൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പൊതുവിദ്യാലയങ്ങളിൽ പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നതോടൊപ്പം വെല്ലുവിളികളെ അതിജീവിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുള്ള 'കൂടെയുണ്ട് കരുത്തേകാൻ' പദ്ധതിയ്ക്കും തുടക്കമാവുകയാണ്. ചരിത്രദൗത്യമായ ഈ ബൃഹത്തായ പദ്ധതിയിലൂടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും വിപുലമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂട്ടായ പ്രവർത്തനത്തിലൂടെ മുന്നോട്ട് കൊണ്ടുപോകുന്ന ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ വ്യക്തിഗത വളർച്ചയ്ക്കും പുരോഗതിക്കും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

നമ്മുടെ പൊതുവിദ്യാലയങ്ങൾ വെറും പാഠപുസ്തക അറിവ് നൽകുന്ന ഇടങ്ങൾ മാത്രമല്ല. സാമൂഹികമായും വൈകാരികമായും ബുദ്ധിപരമായും കുട്ടികളെ വളർത്തുന്ന ഇടങ്ങളാകണം. സന്തോഷത്തിന്റെയും കരുതലിന്റെയും അന്തരീക്ഷം വിദ്യാലയങ്ങളിൽ ഓരോ ദിവസവും ഉണ്ടാകണം. ഓരോ കുട്ടിയും സുരക്ഷിതരാണെന്നും അവരെ പിന്തുണയ്ക്കാൻ ഒരു വലിയ സമൂഹം കൂടെയുണ്ടെന്നും അവർക്ക് തോന്നണം.

വിദഗ്ധരുടെ സഹായത്തോടെയുള്ള കൗൺസിലിംഗ് സേവനങ്ങൾ, വ്യക്തിത്വ വികസന ക്ലാസുകൾ, സൈബർ സുരക്ഷാ ബോധവൽക്കരണം, ജീവിത നൈപുണ്യ പരിശീലനങ്ങൾ എന്നിവയെല്ലാം 'കൂടെയുണ്ട് കരുത്തേകാൻ' പദ്ധതിയിൽ ഉൾപ്പെടുന്നു. അധ്യാപകർക്ക് കുട്ടികളുടെ മാനസികാവസ്ഥ മനസ്സിലാക്കാനും വേണ്ട പിന്തുണ നൽകാനും പരിശീലനം ലഭിക്കും. രക്ഷിതാക്കൾക്ക് കുട്ടികളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ശരിയായ മാർഗ്ഗനിർദ്ദേശം നൽകാനും പദ്ധതിയിലൂടെ സാധിക്കും. കുട്ടികളിലെ ഗുണപരമായ മാറ്റത്തിന്റെ വേഗം വർദ്ധിപ്പിക്കുന്നതിൽ ഈ പ്രവർത്തനങ്ങൾ നിർണായക പങ്ക് വഹിക്കുമെന്ന് മന്ത്രി പറഞ്ഞു.

മെറിറ്റിൽ 2,72,657, സ്പോർട്സ് ക്വാട്ടയിൽ 4,517, മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 1,124, കമ്മ്യൂണിറ്റി ക്വാട്ടയിൽ 16,945, മാനേജ്മെന്റ് ക്വാട്ടയിൽ 14,701, അൺ- എയിഡഡ് സ്കൂളുകളിൽ 6,042 ഉൾപ്പടെ 3,15,986 വിദ്യാർത്ഥികൾ പ്ലസ് വൺ ക്ലാസ്സുകളിൽ പ്രവേശിപ്പിച്ചു. അടുത്ത ഘട്ട അലോട്ട്മെന്റുകൾ കഴിയുന്നതോടെ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കും. സന്തോഷത്തോടും പ്രതീക്ഷയോടും കൂടി പ്ലസ് വൺ ക്ലാസുകളിലേക്ക് കടക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഊഷ്മളമായ സ്വാഗതം ആശംസിക്കുന്നതോടൊപ്പം അവരെ പിന്തുണയ്ക്കുന്ന മാതാപിതാക്കളെയും അധ്യാപകരെയും അഭിനന്ദിക്കുന്നതായി മന്ത്രി കൂട്ടിച്ചേർത്തു.

ഒരു പരാതിക്കും ഇടയില്ലാതെ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ മനസിലാക്കി പൊതുവിദ്യാഭാസ മേഖലയിൽ കൃത്യമായ ഇടപെടലുകൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. അഡ്വ. ആന്റണി രാജു എംഎൽഎ മുഖ്യാതിഥിയായ ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കെ വാസുകി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി സിവിൽ ജഡ്ജ് ഷംനാദ് എസ് തുടങ്ങിയവർ പങ്കെടുത്തു.

## കെ.എസ്.ആർ.ടി.സി യിൽ നിന്നും ശേഖരിച്ചത് 102 ടൺ ഖര മാലിന്യം

സംസ്ഥാനത്തുള്ള കെ.എസ്.ആർ.ടി.സി യുടെ വിവിധ ഡിപ്പോകൾ, സെൻട്രൽ വർക്സ് എന്നിവിടങ്ങളിൽ നിന്നും ക്ലീൻ കേരള 102 ടൺ ഖര മാലിന്യം ശേഖരിച്ചു. 4,607 കിലോ ഇ-മാലിന്യം, 14,710 കിലോ സ്ക്രാപ്പ്, 82,683 കിലോ പുനരുപയോഗ യോഗ്യമല്ലാത്ത ലെഗസി വേസ്റ്റ് എന്നിങ്ങനെയാണ് ശേഖരിച്ചത്. പുനരുപയോഗം ചെയ്യാനാകാത്ത ലെഗസി വേസ്റ്റ് സിമന്റ് ഫാക്ടറികളിൽ ഇന്ധന ആവശ്യത്തിനായും ഇ-മാലിന്യങ്ങൾ റീസൈക്കിൾ ഏജൻസികൾക്കും നൽകുന്നു. പുനരുപയോഗ യോഗ്യമായ ഇരുമ്പ്, തകരം തുടങ്ങിയവ റീസൈക്ലിങ്ങിനും നൽകുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഖര മാലിന്യം കോഴിക്കോട് ജില്ലയിലെ വിവിധ ഡിപ്പോകളിൽ നിന്നാണ് ലഭിച്ചത് (20 ടൺ). എറണാകുളം ജില്ലയിൽ നിന്നും 17 ടൺ, തിരുവനന്തപുരം ജില്ലയിൽ നിന്നും 16.5 ടൺ, തൃശൂർ നിന്നും 15.5 ടൺ എന്നിങ്ങനെ ഖര മാലിന്യം നീക്കം ചെയ്തു.

# യുഡിഎഫ് ജമാഅത്തെ ഇസ്ലാമിയെ വെള്ളപൂശുന്നു; ഇത് ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുമെന്ന് ഗോവിന്ദൻ

തിരുവനന്തപുരം: ജമാഅത്തെ ഇസ്ലാമി പിന്തുണ പ്രഖ്യാപിച്ച സംഭവത്തിൽ യുഡിഎഫിനെ വീണ്ടും കടന്നാക്രമിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. കോൺഗ്രസും ലീഗും ജമാഅത്തെ ഇസ്ലാമിയെ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാക്കി. ഈ നീക്കം ദൂരവ്യാപക പ്രത്യാഘാതം ഉണ്ടാക്കുമെന്ന് ഗോവിന്ദൻ പ്രതികരിച്ചു. യുഡിഎഫ് ജമാഅത്തെ ഇസ്ലാമിയെ വെള്ളപൂശുകയാണ്. എൽഡിഎഫിന് വർഗീയതയുടെ കൂട്ടുവേണ്ട. ആർഎസ്എസുമായി സിപിഎം ഒരു കൂട്ടുകെട്ടും ഉണ്ടാക്കിയിട്ടില്ല. അടിയന്തരാവസ്ഥക്കാലത്ത് യോജിച്ചത് ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായാണ്. ചരിത്രത്തെ ചരിത്രമായി കാണണം. ഇതുമായി ബന്ധപ്പെട്ട് നടക്കുന്നത് വ്യാജപ്രചാരവേലയാണ്.

ആർഎസ്എസുമായി രാഷ്ട്രീയ മുന്നണിയെന്ന നിലയിൽ സിപിഎം ചേർന്നിട്ടേയില്ല. ആ നിലപാടിൽ ഒരു മാറ്റവും ഇല്ല. വിമോചന സമരകാലത്ത് ആർഎസ്എസുമായി ബന്ധമുണ്ടാക്കിയത് കോൺഗ്രസാണെന്നും ഗോവിന്ദൻ വിമർശിച്ചു.

രാജ്ഭവൻ കാവിവത്ക്കരണത്തിന്റെ കേന്ദ്രമായി മാറുകയാണെന്നും ഗോവിന്ദൻ പറഞ്ഞു. ഇനി അവിടെ എപ്പോഴാണ് ഗോഡ്സെയുടെ ചിത്രം വയ്ക്കുകയെന്ന് അറിയില്ലെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

# എം. വി. ഗോവിന്ദൻറേത് പഴയ പ്രണയിനിയോടുള്ള ഓർമപ്പെടുത്തൽ; പരിഹസിച്ച് പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: അനിവാര്യ ഘട്ടങ്ങളിൽ ആർഎസ്എസുമായി ചേർന്നിട്ടുണ്ടെന്ന സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദന്റെ പ്രസ്താവനയ്ക്ക് മറുപടിയുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

ബിജെപി സഹായിക്കണമെന്ന ഓർമപ്പെടുത്തലാണ് എം. വി. ഗോവിന്ദൻ നടത്തിയത്. നിലമ്പൂർ തെരഞ്ഞെടുപ്പ് മുൻനിർത്തി ബോധപൂർവം നടത്തിയ പ്രസ്താവനയാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. കോൺഗ്രസ് വിരുദ്ധതയുടെ ഭാഗമായി ഏത് ചെകുത്താനുമായും കൂട്ടുകൂടിയും കോൺഗ്രസിനെ പരാജയപ്പെടുത്താനാണ് മുമ്പും ഇപ്പോഴും സിപിഎം ശ്രമിക്കുന്നത്. ആർഎസ്എസ് വോട്ട് കിട്ടിയതായി പല അഭിമുഖങ്ങളിലും പിണറായി വിജയൻ പറഞ്ഞിട്ടുണ്ട്. ഉപതെരഞ്ഞെടുപ്പിന് മുമ്പേ നടത്തിയ പ്രസ്താവന അത്ര നിഷ്കളങ്കമല്ലെന്നും സതീശൻ ആരോപിച്ചു. പഴയ സൗഹൃദത്തെക്കുറിച്ച് ഉപതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഓർക്കാൻ കാരണമെന്താണ്. പണ്ട് നമ്മൾ ഒന്നിച്ചായിരുന്നു എന്ന് പഴയ പ്രണയിനിയോടുള്ള ഓർമപ്പെടുത്തലാണ് ഇത്. ഇന്നലെ ഗോവിന്ദൻ പറഞ്ഞത് എന്ത് ലക്ഷ്യത്തിലാണെന്ന് എല്ലാവർക്കുമറിയാമെന്നും സതീശൻ അഭിപ്രായപ്പെട്ടു. ഡൽഹിയിലെ ഏമാന്മാരെ സന്തോഷിപ്പിക്കലാണ് പിണറായിയുടെ ഇപ്പോഴത്തെ പ്രധാന ജോലിയെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

പാർലമെൻറ് തെരഞ്ഞെടുപ്പിൽ വെൽഫയർ പാർട്ടി തങ്ങൾക്ക് പിന്തുണ നൽകിയപ്പോൾ ഉണ്ടാകാത്ത വിവാദം ഇപ്പോൾ ഉണ്ടാക്കുന്നതെന്താണ് എന്ന് ചോദിച്ച സതീശൻ സിപിഎം ഇസ്ലാമോഫോബിയ ഉണ്ടാക്കാൻ ശ്രമിക്കുകയാണെന്നും ആരോപിച്ചു.

## കൗമാരക്കാരിയെ പീഡിപ്പിച്ചു; 60കാരന് 145 വർഷം തടവുശിക്ഷ

മലപ്പുറം: കൗമാരക്കാരിയെ പീഡിപ്പിച്ച വയോധികന് 145 വർഷം തടവുശിക്ഷ. മലപ്പുറം കാവന്നൂർ സ്വദേശി കൃഷ്ണനാണ് മഞ്ചേരി സ്പെഷൽ പോക്സോ കോടതി ശിക്ഷ വിധിച്ചത്. 12കാരിക്ക് നേരെയാണ് ലൈംഗീകാതിക്രമമുണ്ടായത്. 2022-2023 കാലയളവിലാണ് ഇയാൾ കുട്ടിയെ നിരന്തരം പീഡിപ്പിച്ചത്.

## സയന്റിസ്റ്റ് നിയമനം

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ കോട്ടയം, പാമ്പാടിയിൽ പ്രവർത്തിക്കുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിൽ കമ്പ്യൂട്ടേഷണൽ ആൻഡ് തിയററ്റിക്കൽ മേഖലകളിൽ 5 സയന്റിസ്റ്റ് തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോമിനും നിയമനവുമായി ബന്ധപ്പെട്ട കൂടുതൽവിവരങ്ങൾക്കും: sribs.kscste@gmail.com, ഫോൺ: 0481-2500200.

## ജലനിരപ്പ് അപകടകരമായി ഉയരുന്നു; വിവിധ നദികളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴയെത്തുടർന്ന് ജലനിരപ്പ് അപകടകരമായ രീതിയിൽ തുടരുന്നതിനാൽ വിവിധ നദികളിൽ കേന്ദ്ര ജല കമ്മീഷൻ യെല്ലോ അലർട്ട് പുറപ്പെടുവിച്ചു. തിരുവനന്തപുരം ജില്ലയിലെ കരമന (വെള്ളൈക്കടവ് സ്റ്റേഷൻ), പത്തനംതിട്ട ജില്ലയിലെ മണിമല (കല്ലൂപ്പാറ സ്റ്റേഷൻ) എന്നീ നദികളിലാണ് മുന്നറിയിപ്പ്. ഈ നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയാറാകണമെന്നും കേന്ദ്ര ജല കമ്മീഷൻ അറിയിച്ചു.

## മോഷണ ശ്രമത്തിനിടെ വിശന്നു; ഹോട്ടലിൽ നിന്ന് ഭക്ഷണം ചൂടാക്കി കഴിക്കാൻ ശ്രമിച്ചയാൾ പിടിയിൽ

തൃശൂർ: മോഷണ ശ്രമത്തിനിടെ വിശന്നതിനെ തുടർന്ന് ഹോട്ടലിൽ നിന്ന് ഭക്ഷണം ചൂടാക്കി കഴിക്കാൻ ശ്രമിച്ചയാൾ പൊലീസ് പിടിയിലായി. മാർത്താണ്ഡം സ്വദേശി ശിവകുമാറാണ് പിടിയിലായത്. കൽമണ്ഡപത്തിലെ ഒരു ഹോട്ടലിലായിരുന്നു ഇയാൾ മോഷണ ശ്രമം നടത്തിയത്. കഴിഞ്ഞ മാസമാണ് സംഭവം നടന്നത്. ഹോട്ടലിലെ സിസിടിവി ദൃശ്യങ്ങളിൽ ഇയാൾ അടുക്കളയിൽ കയറുകയും ഭക്ഷണം ചൂടാക്കി കഴിക്കാൻ ശ്രമിക്കുന്നതും പതിഞ്ഞിരുന്നു. പിന്നീട് സിസിടിവി ശ്രദ്ധയിൽപ്പെട്ടതോടെ ഇയാൾ ഓടി രക്ഷപ്പെടുകയായിരുന്നു.പോലീസ് നടത്തിയ അന്വേഷണത്തിൽ മാർത്താണ്ഡം സ്വദേശി ശിവകുമാർ എന്ന അനീഷാണ് ഹോട്ടലിൽ കയറി മോഷണ ശ്രമം നടത്തിയതെന്ന് സ്ഥിരീകരിച്ചു. ഇയാളെ തൃശൂരിൽ നിന്ന് പോലീസ് അറസ്റ്റ് ചെയ്തു.

# ബാലാവകാശ കമ്മിഷന്റെ റേഡിയോ നെല്ലിക്ക മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

സംസ്ഥാന ബാലാവകാശ കമ്മിഷന്റെ കുട്ടികൾക്കായുള്ള റേഡിയോ നെല്ലിക്കയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ചേമ്പറിൽ നിർവ്വഹിച്ചു. റേഡിയോയുടെ ലോഗോയും ഗാനവും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കമാർ അംഗങ്ങളായ എൻ.സുനന്ദ, ജലജമോൾ റ്റി.സി, സിസിലി ജോസഫ്, ഡോ.എഫ്.വിൽസൺ, കെ.കെ.ഷാജു, ബി.മോഹൻകുമാർ, സെക്രട്ടറി എച്ച് നജീവ്, സൗണ്ട് പാർക്ക് അക്കാദമി സി.ഇ.ഒ ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു. ബാലസൗഹൃദം യാഥാർത്ഥ്യമാക്കുന്നതിനും ബാലാവകാശ സാക്ഷരത ഉറപ്പാക്കുന്നതിനും കമ്മിഷൻ നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമാണ് റേഡിയോ. കുട്ടികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ, ലഹരി, സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ, ആത്മഹത്യ, സോഷ്യൽ മീഡിയ അഡിക്ഷൻ തുടങ്ങിയവ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ചാണ് ഇന്റർനെറ്റ് റേഡിയോ ആരംഭിച്ചത്. കുട്ടികൾ അധ്യാപകർ രക്ഷാകർത്താക്കൾ സമൂഹം എന്നിവർക്കിടയിൽ ബാലാവകാശങ്ങളുമായി ബന്ധപ്പെട്ട് അവബോധം വളർത്തുന്നതിന്ന് റേഡിയോ സഹായകരമാകും. ലോകത്ത് എവിടെ നിന്നും 24 മണിക്കൂറും റേഡിയോ കേൾക്കാൻ സാധിക്കും. തുടക്കത്തിൽ തിങ്കൾ മുതൽ വെള്ളി വരെ നാലു മണിക്കൂർ പ്രോഗ്രാമാണ് ഉണ്ടാവുക. റൈറ്റ് ടേൺ, ഇമ്മിണി ബല്യ കാര്യം, ആകാശദൂത്, അങ്കിൾ ബോസ് എന്നിവയാണ് പ്രോഗ്രാമുകൾ.തുടക്കത്തിൽ കേരളത്തിലെ 25 ലക്ഷം കുടുംബങ്ങളെ റേഡിയോ നെല്ലിക്കയുടെ ശ്രോതാക്കളാക്കാനാണ് ബാലാവകാശ കമ്മിഷൻ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 15397 സ്കൂളുകളിലെയും വിദ്യാർത്ഥികൾ അധ്യാപകർ, പിറ്റി.എ, എസ്.പി.സി, എൻ.എസ്.എസ്, സ്കൂൾ ക്ലബുകൾ എന്നിവ വഴിയുമാകും കുട്ടികളിൽ റേഡിയോ എത്തുക. അതുപോലെ കുടുബശ്രീയുടെ 29202 ബാലസഭകളും വനിത ശിശുവികസന വകുപ്പിനുകീഴിലുള്ള 33120 അങ്കണവാടികളിലെ അധ്യാപകരും രക്ഷിതാക്കളും, ജില്ലകളിലെ 464 ശിശു സംരക്ഷണ സ്ഥാപനങ്ങളിലും കമ്മിഷന്റെ റേഡിയോ നെല്ലിക്ക എത്തും. കൂടാതെ 1200 ഗ്രാമ-ബ്ലോക്ക്-ജില്ല-മുനിസിപ്പൽ-കോർപ്പറേഷനുകളിലെ 21900 വാഡുകളിലും എൻ.ജി.ഒകൾ, റസിഡൻസ് അസോസിയേഷനുകൾ തൂടങ്ങി സമൂഹത്തിൽ മുഴുവനായും ബാലാവകാശ സാക്ഷരത എത്തിക്കാൻ റേഡിയോയിലൂടെ കഴിയും. ഇതിനായി വനിതാശിശു വികസനം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം പട്ടികജാതി പട്ടികവർഗ വികസനം പോലീസ് എക്സൈസ് തുടങ്ങിയ വകുപ്പുകളുടെ കൂട്ടായ സഹകരണവും പ്രവർത്തനങ്ങളുമാണ് കമ്മിഷൻ നടത്തിവരുന്നത്. ആൻഡ്രോയിഡ് ഫോണിൽ പ്ലേ സ്റ്റോറിൽ നിന്നും ഐ.ഒ.എസ്ൽ ആപ് സ്റ്റോറിൽ നിന്നും Radio Nellikka ഡൗൺലോഡ് ചെയ്യാം. കമ്പ്യൂട്ടറിൽ radionellikka.com ലൂടെയും കാറിൽ ഓക്സ് കേബിൾ ബ്ലൂടൂത്ത് എന്നിവയിലൂടെയും റേഡിയോ ശ്രവിക്കാം. കുട്ടിക്കാല ഓർമകൾ, അനുഭവങ്ങൾ, സ്കൂൾ ജീവിതം, സന്തോഷങ്ങൾ, പ്രയാസങ്ങൾ തുടങ്ങിയവ ആകാശദൂത് പരിപാടിയിലേക്ക് ഇ-മെയിലായും (radionellikka@gmail.com), വാട്ട്സാപ്പ് (9993338602) മുഖേനയും അറിയിക്കാം. ഇമ്മിണി ബല്യകാര്യം, അങ്കിൾ ബോസ് എന്നീ പരിപാടികളിലേക്ക് +91 9993338602 എന്ന മൊബൈലിലും വിളിക്കാവുന്നതാണ്.




സംസ്ഥാന ബാലാവകാശ കമ്മിഷന്റെ കുട്ടികൾക്കായുള്ള റേഡിയോ നെല്ലിക്കയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു